# റംസാൻ- ഉപവാസത്തിലൂടെ ഒരു ആത്മീയ യാത്ര


## സുധീർ പണിക്കവീട്ടിൽ


റംസാൻ മാസാരംഭത്തിലെ പ്രഭാതം പൊട്ടിവിടരുമ്പോൾ അൽ-റയാൻ എന്ന സ്വർഗ്ഗവാതിൽ തുറക്കുന്നു. റംസാൻ അവസാനിക്കുന്ന വരെ അവ അടയുന്നില്ല. ഈ കാലത്ത് ഇബ്ലീസ് ചങ്ങലയിൽ കിടക്കുന്നു. നരകവാതിലുകൾ കൊട്ടിയടക്കപ്പെടുന്നു. ശഅ്ബാൻ മാസത്തിന്റെ (റംസാൻ മാസത്തിനു മുമ്പുള്ള മാസം) അവസാനത്തിൽ അല്ലാഹുവിന്റെ സന്ദേശവാഹകൻ വന്നു പറയുന്നു. - ഇനി പിറക്കാൻ പോകുന്ന ഒരു മാസം പുണ്യം നിറഞ്ഞതാണു. ഫജ്ർ (പ്രഭാതം) മുതൽ മഗ്രിബ് (സൂര്യസ്തമയം) വരെ ഉപവാസത്തിലൂടെ പൈശാചിക ശക്തികളെ ജയിച്ച്കൊണ്ട് ഓരോ വിശ്വാസിയും ഇമാനോടെയുള്ള (പ്രതീക്ഷയും വിശ്വാസവും) അവരുടെ വ്രുതാനുഷ്ഠാനം തുടരണം. റംസാൻ രാത്രികളിൽ പ്രാർത്ഥിക്കുന്നവർക്ക് വേണ്ടി അല്ലാഹു ആയിരത്തിയഞ്ഞൂറ് പ്രതിഫലങ്ങൾ കരുതുന്നു. കൂടാതെ മാണിക്യകല്ല് കൊണ്ട് 60,000 വാതിലുകളുള്ള (ഓരൊ വാതിലും സ്വർണ്ണത്തിൽ രത്നം പതിച്ച കൊട്ടാരങ്ങളിലേക്ക് തുറക്കുന്നത്) ഒരു കൊട്ടാരം സ്വർഗ്ഗത്തിൽ പണിയുന്നു. "അവൻ (അള്ളാഹു) ഏകനാണു്. (സർവ്വ ചരാചരങ്ങൾക്കും) അഭയം നൽകുന്നവനും, ആരുടേയും ആശ്രയം ആവശ്യമില്ലാത്തവനുമായി നില കൊള്ളുന്നവനും അള്ളാഹു മാത്രമാകുന്നു. അവനു സന്താനം ജനിച്ചിട്ടില്ല. അവൻ ആരുടേയും സന്താനവുമല്ല. (ചുരുക്കത്തിൽ) അവനു തുല്യമായി ആരും തന്നെ ഇല്ല. (ഖുറാൻ 112:1:4)"

റംസാൻ -ഇസ്ലാമിക്ക് കലണ്ടറിലെ പന്തണ്ട് മാസങ്ങളിൽ ഒമ്പതാമത്തെ മാസം. ശഅ്ബാനിൻേറയും ശവ്വാലിൻേറയും ഇടയിലുള്ള പരിശുദ്ധമാസം. ഈ മാസത്തിലാണു ഖുറാൻ അവതീർണ്ണമായത്. പുണ്യങ്ങളും അനുഗ്രഹങ്ങളും നിറച്ച് വച്ച് അല്ലാഹു പവിത്രമാക്കിയ മാസം. ഇത് ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ നാലാമത്തേതാണു്. (പഞ്ചസ്തംഭങ്ങൾ: അള്ളാഹുവല്ലാതെ സത്യമായ വേറൊരു ദൈവമില്ലെന്നും മുഹമ്മദ് അവന്റെ അവസാനത്തെ പ്രവാചകനാണെന്നും വിശ്വസിക്കുക. അഞ്ചു നേരം നിസ്കരിക്കുക. ദാനം ചെയ്യുക. റംസാൻ വ്രുതമനുഷ്ഠിക്കുക. ഹജ്ജിനു പോകുക.) ഇസ്ലാം വിശ്വാസികൾ ഖുറാൻ അറബ് ഭാഷയിൽ വായിക്കാൻ ഇഷ്ടപ്പെടുന്നു. മറ്റു ഭാഷകളിലേക്ക് പരിഭാഷ ചെയ്യപ്പെടുമ്പോൾ വാക്കുകളുടെ അർത്ഥത്തിൽ വ്യതിയാനങ്ങൾ ഉണ്ടാകാം, അവ തെറ്റിദ്ധരിക്കപ്പെടാം എന്ന് അവർ പറയുന്നു. ഉദാഹരണത്തിനായി കാഫിർ എന്ന വാക്ക് വളരെ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതാണു്. കാഫിർ എന്ന് വിളിക്കുമ്പോൾ മറ്റ് മതക്കാർ അത് അധിക്ഷേപമായി കരുതുന്നു. വാസ്തവത്തിൽ ഇസ്ലാമിൽ വിശ്വസിക്കാത്തവൻ എന്നർത്ഥത്തിൽ ആണു അറബിയിൽ ആ വാക്കു ഉപയോഗിച്ചിരിക്കുന്നത്.

ഇസ്ലാം മതം വിശ്വാസങ്ങളും ശാസനകളും നിറഞ്ഞതാണു. ഹലാൽ(അനുവദനീയ കാര്യങ്ങൾ) ഏത് ഹറാം (നിഷിദ്ധമായ കാര്യങ്ങൾ) ഏത് എന്ന് അത് വ്യക്തമാക്കുന്നു. അഞ്ച് നിസ്കാരങ്ങളുടെ ആവശ്യത്തെപ്പറ്റി വിവരിച്ച്കൊണ്ട് പ്രവാചകൻ പറഞ്ഞു" നിങ്ങളുടെ വീട്ടുമുറ്റത്തെ പുഴയിൽ നിത്യവും അഞ്ച് നേരം നിങ്ങൾ കുളിച്ചാൽ എങ്ങനെ നിങ്ങളുടെ ശരീരത്തിൽ മാലിന്യങ്ങൾ ഉണ്ടാകും. അതേപ്പോലെ വിശ്വാസത്തോടെയുള്ള പ്രാർത്ഥനയിലൂടെ ആത്മീയശുദ്ധി ലഭിക്കുന്നു. മുഹമ്മ്ദ് നബിക്ക് മുമ്പുള്ള ഓരോ പ്രവാചകന്മാരും പ്രബോധനം ചെയ്ത മതസിദ്ധാന്തങ്ങൾ ഒന്ന് തന്നെയായിരുന്നു. മുഹമ്മദ് നബിയെ ഇസ്ലാം മത സ്ഥാപകൻ എന്ന് പറയുന്നത് ശരിയല്ല. അദ്ദേഹം അവസാനത്തെ പ്രവാചകൻ മാത്രമായിരുന്നു.

ആത്മീയ ഉന്നതിക്കായുള്ള ഈ വ്രതത്തിലൂടെ ലോകത്തിലെ എല്ലാ ഇസ്ലാം വിശ്വാസികളും ഒന്നാകുന്നു എന്നതാണു ഈ ഉപവാസാനുഷ്ഠാനത്തിന്റെ ശ്രേഷ്ഠത. എന്തിനാണു് ഒരു മാസം വിശ്വാസികൾ ഇങ്ങനെ കഠിനമായ ഈ വ്രുതം അനുഷ്ഠിക്കുന്നത് എന്ന ചോദ്യം എല്ലാവരിലും ഉണ്ടാകും. മനുഷ്യ വികാരങ്ങളിൽ വിശപ്പാണു് ഏറ്റവും കഠിനമായിട്ടുള്ളത്. അതിനെ അതിജീവിച്ച്കൊണ്ട് ആത്മാവിൽ പ്രാർത്ഥന നിറക്കുമ്പോൾ ആത്മ വീര്യം കൈവരുന്നു. ചന്ദ്രമാസം കണക്കാക്കിയുള്ള ഇസ്ലാം കലണ്ടർ അനുസരിച്ച് റംസാൻ എല്ലാ വർഷവും ഒരു മാസത്തിൽ തന്നെ വരുന്നില്ല. ഓരോ ഋതുക്കളിലും അത് വരുന്നു. വളരെ ചൂടുള്ള വേനലിലും വളരെ തണുപ്പുള്ള ശിശരമാസത്തിലും അത് വരുന്നു.വിശപ്പിന്റെ കാഠിന്യം അനുഭവിച്ചറിയുന്ന ഓരോ വിശ്വാസിയും മറ്റുള്ളവരുടെ ദാരിദ്ര്യാവസ്ഥ അറിയാൻ കഴിവുള്ളവരാകുന്നു. വൈദ്യശാസ്ത്രസംബന്ധിയായും ഉപവാസത്തിനു ശരീരത്തെ ബലപ്പെടുത്താൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. വർഷത്തിൽ ഒരു മാസം ആത്മീയമായ കാര്യങ്ങളിൽ മുഴുകി അള്ളാഹുവിനോട് പ്രാർത്ഥിച്ച്കഴിയുന്ന ഒരാൾ നന്മയുള്ളവനായി തീരുന്നു. അത് സമൂഹത്തെ നന്മയുള്ളതാക്കുന്നു. തെറ്റുകൾ ഏറ്റ് പറഞ്ഞ് ഒരു പുതുജീവിതം ആരംഭിക്കുന്ന ഒരു മനുഷ്യന്റെ ജീവിതം കൂടുതൽ തിളക്കമാർന്നതാകുന്നു. ജാപ്പനീസ് ഭാഷയിൽ കിൻറ്സ്കുറോയ് (Kintsukuroi ) എന്ന ഒരു വാക്കുണ്ട്. അതിന്റെ അർത്ഥം സ്വർണ്ണം കൊണ്ട് കേട്പാട് തീർക്കുക എന്നാണു്. ഉടഞ്ഞ വസ്തുക്കളിലെ വിള്ളലുകൾ സ്വർണ്ണം കൊണ്ട് നിറച്ച് അവർ അത് ഉയർത്തികാണിക്കുന്നു. എന്നാൽ നമ്മൾ വിള്ളലുകൾ അല്ല കാണുന്നത്, അതിനെ അലങ്കരിക്കുന്ന സ്വർണ്ണപണികളാണു്. ക്ഷതം അനുഭവിക്കുന്ന വസ്തു കൂടുതൽ ഭംഗിയുള്ളതാകുന്നു എന്ന് അവർ വിശ്വസിക്കുന്നു. ഇതിന്റെ പുറകിൽ ഒരു കഥയുണ്ട്. പണ്ടൊരിക്കൽ വളരെ വളരെ കിഴക്ക്, ഏദനിൽ നിന്നും കിഴക്ക് ഒരു ചക്രവർത്തിയുണ്ടായിരുന്നു. വസന്തകാലത്തിന്റെ ആരംഭത്തിൽ, രാജകീയ സന്ദർശനങ്ങളും, രാജക്കന്മാർ തമ്മിൽ തമ്മിൽ സമ്മാനങ്ങൾ കൈമാറലും, ഓരോരുത്തരും അവരവരുടെ സ്വത്തും, ആസ്തിയും പ്രദർശിപ്പിക്കലും ഒക്കെ പതിവായിരുന്നു. ആ അവസരത്തിലായിരുന്നു ചക്രവർത്തിയുടെ മകന്റെ കിരീടധാരണം. അവനു കൊടുക്കാനായി ആകർഷണീയമായ ഒരു പിഞ്ഞാണം അദ്ദേഹം ഉണ്ടാക്കിപ്പിച്ച് സൂക്ഷിച്ചിരുന്നു. കിരീടധാരണത്തിന്റെ തലേന്നാൾ ആ പിഞ്ഞാണം കഷണം കഷണമായി കിടക്കുന്നത് അദ്ദേഹം കണ്ടു. കേടുപാടുകൾ തീർത്താൽ അത് മുഴച്ചിരിക്കും, വേറൊന്നുണ്ടാക്കാൻ സമയവുമില്ല. വളരെ ദു:ഖിതനായ അദ്ദേഹം ആ

രാത്രി ഒരു വിധം കഴിച്ച്കൂട്ടി. പിറ്റേന്ന് കൊട്ടാരത്തിലെ വേലക്കാർ അദ്ദേഹത്തെ ഒരു സന്തോഷ വാർത്തയറിയിച്ചു. പിഞ്ഞാണം പണ്ടെത്തക്കാൾ ഭംഗിയിലും മോടിയിലുമിരിക്കുന്നു. അദ്ദേഹം അത് കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. വിള്ളലുകളിലും, പൊട്ടിപ്പൊയ കഷണങ്ങൾക്കുമിടയിൽ സർണ്ണം ഉരുക്കിയൊഴിച്ച് കേടുപാട് തീർത്തിരിക്കുന്നു. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഒരാൾ അഞ്ച് തിരുമുറിവുകൾ മനുഷ്യരാശിക്ക് വേണ്ടി ഏറ്റ് വാങ്ങി. അവൻെറ ശരീരം അടക്കം ചെയ്യെങ്കിലും അവൻ ഉയർത്തെഴുന്നേറ്റു, എന്നാൽ അവൻെറ മുറിവുകൾ അവശേഷിച്ചു. ക്രുസ്തീയ വിശ്വാസം അനുസരിച്ച് അവൻെറ മുറിപ്പാടുകൾ മനുഷ്യർക്ക് പുതുജീവിതം നൽകി. ദൈവത്തിനു മനുഷരോടുള്ള സ്നേഹത്തിൻെറ സുവർണ്ണ രശ്മികളിൽ ആ മുറിവുകൾ പ്രകാശിക്കുന്നു. മുറിവും, വിള്ളലുകളും ഉണ്ടാകുമ്പോൾ അതിനെ വളരെ വില പിടിച്ച സ്വർണ്ണം (സ്നേഹം) കൊണ്ട് അടക്കുക, മറച്ച് കളയുക. പിന്നെ ഒരു പുതിയ ജീവൻ, മുമ്പത്തേക്കാൾ മനോഹരവും ശാശ്വതവുമായത് ആസ്വദിക്കുക. അള്ളാഹു കരുണാമയനും സ്നേഹസ്വരൂപനുമാണ്.

പാപിയായ മനുഷ്യൻ അവൻെറ പ്രാർത്ഥനകളിലൂടെ, ഉപവാസത്തിലൂടെ പ്രായ്ശ്ചിത്തം ചെയ്യുമ്പോൾ അള്ളാഹു അവൻെറ തെറ്റുകൾ പൊറുത്ത് അവിടെ ദൈവസ്നേഹം കൊണ്ട് നിറക്കുന്നു. അവൻെറ ജീവിതം കൂടുതൽ പ്രകാശമാനമാകുന്നു. റംസാൻ വ്രുതം ഒരു ആചാരമായി അനുഷ്ഠിക്കാതെ ഹ്രുദയത്തിൽ തട്ടി ആചരിക്കുന്നവർക്ക് അള്ളാഹു പറുദീസ് ഒരുക്കുന്നു.

നോമ്പ് ഒരു പരിചയാണ്. അതിനാൽ നിങ്ങളിൽ ഒരുവൻ അവൻെറ നോമ്പ് ദിവസമായാൽ അനാവശ്യം പ്രവർത്തിക്കരുത്. അട്ടഹസിക്കരുത്. അവനെ ആരെങ്കിലും ശകാരിച്ചാൽ ഞാൻ നോമ്പനുഷ്ഠിച്ച മനുഷ്യനാണെന്ന് പറയട്ടെ. നോമ്പ്കാരനു രണ്ട് സന്തോഷമുണ്ട്. ഒന്ന് നോമ്പ് മുറിക്കുമ്പോൾ, രണ്ട് അവസാന വിധി ദിവസം അവൻെറ രക്ഷിതാവിനെ കണ്ടുമുട്ടുമ്പോൾ. ഈ അനുഗ്രഹീത മാസത്തിൽ അള്ളാവിനെ വിളിച്ച് മാപ്പിരക്കുക. സാലത്ത് (പ്രാർത്ഥന) സജ്ദ് (കുമ്പിടൽ) എന്നിവ ചെയ്ത് മുതുകിലെ പാപഭാരം കുറയ്ക്കുക. നോമ്പ് മുറിക്കുന്ന സായാ□ത്തിൽ " ഇഫ്ത്തറിൽ" പങ്ക് കൊള്ളാൻ വിശ്വാസികളെ കൂട്ടുക. ഭക്ഷണം മറ്റുള്ളവരുമായി പങ്കുവക്കാൻ നിങ്ങൾക്ക് കഴിയില്ലെങ്കിൽ നിങ്ങളാൽ കഴിയുന്നത് ചെയ്യുക, ഉദാഹരണമായി ഒരു ഈന്തപഴത്തിൻെറ പകുതിയോ ഇത്തിരി വെള്ളമോ കൊടുക്കാൻ കഴിഞ്ഞാൽ അത് ചെയ്യുക.

ഏദനിൽ എത്തിയ ഇബ്‌ലീസ് എന്നും മനുഷ്യനെ വഴിതെറ്റിച്ച്കൊണ്ടിരിക്കുന്നു. ഖുറാനിൽ നമ്മൾ ഇങ്ങനെ വായിക്കുന്നു. (അൽ-അറാഫ് 7:13-18). അള്ളാഹു ഇബ്‌ലീസ്സിനോട്: നീ ഇവിടെ നിന്ന് ഇറങ്ങിപ്പോകുക. ഇവിടെ നിനക്ക് അഹങ്കാരം കാണിക്കാൻ പറ്റുകയില്ല. തീർച്ചയായും നീ നിന്ദ്യരുടെ കൂട്ടത്തിലാകുന്നു. ഇബ്‌ലീസ്: മനുഷ്യർ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസം വരെ നീ എനിക്ക് അവധി നൽകേണമേ. അല്ലാഹു: തീർച്ചായും നീ അവധി നൽകപ്പെട്ടവരുടെ കൂട്ടത്തിലാകുന്നു. ഇബ്‌ലീസ്: നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിൻെറ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും.പിന്നീട് അവരുടെ

മുന്നിലൂടെയും അവരുടെ പിന്നിലൂടെയും അവരുടെ വലത് ഭാഗങ്ങളിലൂടെയും, ഇടതുഭാഗങ്ങളിലൂടേയും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും.അവരിൽ അധികം പേരേയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല. അള്ളാഹു:നിന്ദ്യനും തള്ളപ്പെട്ടവനുമായിക്കൊണ്ട് നീ ഇവിടെ നിന്ന് പുറത്ത് കടക്കൂ.അവരിൽ നിന്ന് വല്ലവരും നിന്നെ പിൻപറ്റുന്ന പക്ഷം നിങ്ങളെല്ലവരെയും കൊണ്ട് ഞാൻ നരകം നിറക്കുക തന്നെ ചെയ്യും.

എല്ല മതഗ്രന്ഥങ്ങളും തിന്മയിൽ നിന്നും ഒഴിഞ്ഞ് നിൽക്കണമെന്നു മനുഷ്യരെ ഉദ്ബോധിപ്പിക്കുന്നു. ***എല്ലാ മതഗ്രന്ഥങ്ങളും ഒന്നാണെന്ന് കാണാനുള്ള സന്മനസ്സു കൂടി മനുഷ്യൻ കാണിച്ചാൽ ജന്നത്ത്-അൽ-ഫിർദാസ് എന്ന ഏഴാം സ്വർഗ്ഗം ഭൂമിയിൽ തന്നെ സ്രുഷ്ടിക്കപ്പെടും. ഈ അനുഗ്രഹീത മാസത്തിൽ മത വ്യത്യാസങ്ങൾ മറന്നു മനുഷ്യർ എല്ലാവരും ഒന്നാണെന്ന വിശാല മനസ്സോടെ യഹോവയെ, അള്ളാഹുവിനെ, ഈശോയെ, ഈശ്വരനെ (ഈ ശബ്ദങ്ങൾക്കെല്ലാം ഒരു അർത്ഥം) വന്ദിക്കാം, അവൻെറ മഹത്വങ്ങൾ പാടാം, അവൻെറ കരുണക്കായി കൈകൂപ്പാം.അത് തന്നെ തുടർന്നും ചെയ്തുകൊണ്ടിരിക്കാം.***

അള്ളാഹു അരുതെന്ന് വിലക്കിയ കാര്യങ്ങളിൽ നിന്നും അകന്ന് നിൽക്കുന്നതത്രെ ഈ പുണ്യമാസത്തിൽ ഓരോ വിശ്വാസിയും അനുഷ്ഠിക്കേണ്ട കർമ്മം.ഈ മാസത്തിൽ മാത്രമല്ല ജീവിതാവസാനം വരേയും. അങ്ങനെ ചെയ്യുന്നവർ അള്ളാഹുവിനു പ്രിയപ്പെട്ടവർ. പ്രവാചകനായ നബി തിരുമേനി പറഞ്ഞു: നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹത്തിൻെറ സന്ദേശങ്ങൾ കൈമാറുക. വിശന്നിരിക്കുന്നവനു അപ്പം കൊടുക്കുക. അല്ലാഹു ആഗ്രഹിക്കുന്ന പോലെ ഭ്രാത്രുഭാവത്തോടെ കഴിയുക. ഓരോ റംസാൻ മാസം വരുമ്പോഴും കൂടുതൽ കൂടുതൽ വിശ്വാസികൾ നബി തിരുമേനിയുടെ വാക്കുകൾ മനസ്സിലാക്കി മത വ്യത്യാസങ്ങൾ മറന്ന് ഖുറാൻ അനുശാസിക്കുന്ന പോലെ ഭൂമിയിൽ ശാന്തിയും സമാധാനവും പുലർത്തികൊണ്ടിരിക്കുന്നത് എത്രയോ മഹത്വരമാണു.

ശവ്വാലിൻ പിറ കാണാൻ ഭക്തിപൂർവ്വം നോയ്മ്പ് നോറ്റിരിക്കുന്ന എല്ലാ
വിശ്വാസികൾക്കും അനുഗ്രഹീതമായ റംസാൻ ആശംസകൾ
!************************************

മുസ്ലിം പള്ളികളിൽ നിന്നും നാം അഞ്ചു നേരവും കേൾക്കുന്ന ബാങ്കിന്റെ തർജമ

1." അല്ലാഹു അക്ബർ....." ദൈവം വലിയവനാകുന്നും
2."ആഷ് ഹതു അൻല്ലാ..ഇലാഹ ഇല്ലല്ലാഹ്.......നിശ്ചയമായും ദൈവമല്ലാതെ ആരാധനക്ക് മറ്റൊരും അർഹനില്ല
3.അശ്ഹതു അന്ന മുഹമ്മദ് റസൂലുല്ലാഹ് .....നിശ്ചയമായും പ്രവാചകൻ മുഹമ്മത് ദൈവത്തിന്റെ സന്ദേശ വാഹകനാകുന്നു
4." ഹയ്യാല സ്വലാ....." നമസ്കാരത്തിലേക്കു സ്വാഗതം
5."ഹയ്യാലൽ ഫലാഹ് ..."നന്മയിലേക്കു സ്വാഗതം
6.." അല്ലാഹു അക്ബർ....." ദൈവം വലിയവനാകുന്നു

7.ലാ ഇലാഹ ഇല്ല;ല്ലാഹ് ....ദൈവമല്ലാതെ ആരാധനക്ക് ,മറ്റൊരും അര്ഹനില്ല

ഇത് കൂടാതെ പ്രഭാത നമസ്കാരത്തിനുള്ള ബാങ്ക് വിളിയില് ..
"അസ്സ്വലാത് ഖൈറും മിന, നൗഉം ...." എന്ന് കൂടി പറയാറുണ്ട്.
" ഉറക്കത്തെക്കാള് ഉത്തമം നമസ്കാരമാണ് " ,എന്നാണ് അതിന്റെ
അര്ഥം. (സമ്പാദനം ലേഖകന്)